**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2532** — **23-02-2026 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല നിയോജക മണ്ഡലത്തിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്നതും പ്രവർത്തനരഹിതമായിട്ടുള്ളതുമായ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പാറശാല നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായിട്ടുള്ളതുമായ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**(A) പ്രവർത്തിക്കുന്ന കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ**<br><br>1. Amaravila Handloom Weavers Co-operative Society H.3388<br><br>2. Maruthathoor Handloom Weavers Co-operative Society H.59<br><br>3. Mullasseri Handloom Weavers Co-operative Society H.133<br><br>4. Parassala Handloom Weavers Co-operative Society H.3483<br><br>5. Chenkavila Handloom Weavers Co-operative Society H.15<br><br>6. Narayanapuram Street Handloom Weavers Co-operative Society H.139<br><br>7. Kollayil Weavers Industrial Co-operative Society T.275<br><br>8. Kollayil Handloom Weavers Co-operative Society H.24<br><br>9. Aruvippuram Sree Narayana Handloom Weavers Co-operative Society.338<br><br>10. Kovillur Handloom Weavers Co-operative Society H.65 |

| | | | |
|---|---|---|---|
| | | | 11. Malayikkada Handloom Weavers Co-operative Society T.349<br><br>12. Sree Ayyappa Handloom Weavers Co-operative Society H.72<br><br>13. Rajeshwary Handloom Weavers Co-operative Society H.40<br><br>14. Sree Ambadi Handloom Weavers Co-operative Society H.61<br><br>**(B) പ്രവർത്തന രഹിതമായ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ**<br><br>1. Karode Harijan H. IND. T. 416<br><br>2. Eaithukondathani Handloom Weavers Co-operative Society H.64<br><br>3. Parassla Progressive Handloom Weavers Co-operative Society H.20 |
| (ബി) | ഈ മണ്ഡലത്തിലെ പ്രവർത്തനരഹിതമായ കൈത്തറി സംഘങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) | സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്നതും, എന്നാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതുമായ കൈത്തറി സഹകരണ സംഘങ്ങൾക്കായി കൈത്തറി വസ്ത്ര വകുപ്പ് മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. എന്നാൽ പ്രവർത്തനം നിലച്ച് പോയ കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നിലവിൽ നടപ്പിലാക്കിയിട്ടില്ല. |
| (സി) | കൈത്തറി തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമായി പാറശ്ശാല മണ്ഡലം കേന്ദ്രീകരിച്ച് പ്രത്യേക പാക്കേജുകളോ പദ്ധതികളോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) | കൈത്തറി തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമായി നിരവധി പദ്ധതികൾ കൈത്തറി വസ്ത്ര വകുപ്പ് മുഖേന സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വരുന്നു. എന്നാൽ നിയോജക മണ്ഡലം കേന്ദ്രീകരിച്ച് കൈത്തറിയുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജുകളോ - പദ്ധതികളോ നിലവിൽ ഇല്ല. |
| (ഡി) | സംഘങ്ങൾ നവീകരിക്കുന്നതിനും ആധുനിക തറികൾ സ്ഥാപിക്കുന്നതിനുമായി നിലവിൽ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കയാണെന്ന് അറിയിക്കാമോ? | (ഡി) | പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും എന്ന പദ്ധതിയിൻ കീഴിൽ താഴെപ്പറയുന്ന ഘടകങ്ങൾക്ക്, അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 1. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ / ഭാഗിക അറ്റകുറ്റപ്പണികൾ - ഒരു തറിക്ക് പരമാവധി 10,000/- രൂപ.<br><br>2. വ്യക്തിഗത വർക്ക് ഷെഡ് നവീകരണം - പരമാവധി 25,000/- രൂപ<br><br>3. ഒരു വീട്ടിൽ ഒരു തറി - പരമാവധി 40,000/- രൂപ<br><br>4. റെസ്റ്റ് റൂം & സ്റ്റോറേജ് നിർമ്മാണവും ടോയ്‌ലറ്റ് നവീകരണവും - പരമാവധി 4,50,000/- രൂപ<br><br>5. വർക്ക് ഷെഡ് നവീകരണം - പരമാവധി 5,00,000/- രൂപ<br><br>6. ഡൈ ഹൗസ് നവീകരണം - പരമാവധി 5,00,000/- രൂപ<br><br>7. സാങ്കേതിക വിദ്യ ഉയർത്തലും പുതിയ സാങ്കേതിക വിദ്യ കൈമാറലും പദ്ധതി - പദ്ധതി ചിലവിന്റെ 75% മാത്രം |

സെക്ഷൻ ഓഫീസർ